

# തുമ്പൂർ സെന്റ് മാത്ത്യൂസ് ഇടവക

പുരാതനമായ പുത്തൻചിറ, വെളയനാട് എന്നീ ഇടവകകളിൽപെട്ടവരായിരുന്നു തുമ്പൂർ പ്രദേശത്തെ കത്തോലിക്കർ. 1926-ൽ തിരുക്കുടുംബ സന്യാസിനീ സമൂഹം ഇവിടെ തിരുഹൃദയ മഠം സ്ഥാപിച്ചു.

അങ്ങനെയിരിക്കെ, 1981-ൽ അന്നത്തെ പുത്തൻ ചിറ ഫൊറോന വികാരിയായിരുന്ന പെ. ബഹു. ജോസ് കാവുങ്കൽ അച്ചന്റെ സമർത്ഥമായ നേതൃത്വവും പ്രചോദനവും സഹായസഹകരണങ്ങളും ഈ ദേവാലയ നിർമ്മാണത്തിന്റെ ആദ്യപടിയായി. അതനുസരിച്ച് 1981 നവംബർ 2-ാം തിയ്യതി തുമ്പൂർ തിരുഹൃദയ മഠക്കാർ ഒരേക്കർ ഭൂമി ദാനമായി നല്കി. തുടർന്ന് വികാരിയായി നിയമിതനായ പെ. ബഹു. ജോസഫ് പടമാടനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രാരംഭയോഗത്തിൽ വച്ച് പള്ളിപ്പണിയ്ക്കു വേണ്ടി 17 അംഗങ്ങൾ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു. നമ്മുടെ രൂപതയിൽ വിവിധ ശ്ലീഹന്മാരുടെ നാമധേയത്തിൽ പള്ളികൾ ഉണ്ടാകണമെന്ന അഭിവന്ദ്യ പിതാവിന്റെ ആഗ്രഹം മനസ്സിലാക്കി വി. മത്തായി ശ്ലീഹായെ മദ്ധ്യസ്ഥനായി തിരഞ്ഞെടുത്തു.

## ദേവാലയം

2.2.1983-ൽ തൃശ്ശൂർ മെത്രാൻ മാർ ജോസഫ് കുണ്ടുകുളം തിരുമേനിയുടെ സാന്നിധ്യത്തിൽ ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ ദേവാലയ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. പള്ളിയുടെ പണിയോടൊപ്പം പള്ളിയുടെ മുൻവശത്തായി പണിതീർത്ത കപ്പേളയുടെ വെഞ്ചിരിപ്പു കർമ്മം 1983 ഡിസംബർ 30-ന് നമ്മുടെ അഭിവന്ദ്യ പിതാവ് സാഘോഷം നടത്തി. പള്ളിയുടെ പണികൾ പുരോഗമിച്ചു. ഇതിനിടെ ബഹു. പടമാടനച്ചന്റെ സ്ഥലംമാറ്റത്തെ തുടർന്ന് ചാർജ്ജെടുത്ത ബഹു. ജോൺ വാഴപ്പിള്ളിയച്ചന്റെ (Jr.) നേതൃത്വത്തിൽ പണികൾ തുടർന്നു. പള്ളിയോട് ചേർന്ന് കബറിടങ്ങളും തയ്യാറാക്കി. സിമിത്തേരി അനുവദിച്ചുകൊണ്ടുള്ള ഓർഡർ താമസിക്കാതെ കിട്ടി. പള്ളിയുടെ പണി മിക്കവാറും പൂർത്തിയാക്കുകയും (മുഖവാരം ഒഴികെ) 1987 സെപ്റ്റംബർ 27-ാം തിയ്യതി മാർ ജെയിംസ്

പഴയാറ്റിൽ കൂദാശാകർമ്മം നടത്തുകയും ചെയ്തു.

## ഇടവക

ഇടവകയുടെ സാമ്പത്തിക ഭദ്രതയ്ക്കായി വീട്ടുകാരുടെ മാസപ്പിരിവും ഇടവക രൂപീകരണത്തിന് അതിർത്തികളും നിശ്ചയിക്കുന്ന കാര്യങ്ങളിൽ ബഹു. വാഴപ്പിള്ളിയച്ചന്റെ നേതൃത്വവും പ്രവർത്തനശൈലിയും ഏറെ ഗുണകരമായിരുന്നു. 1989 ജൂലായ് മാസത്തിൽ ഇടവക പ്രാബല്യത്തിൽ വന്നു. പിന്നീട് തുമ്പൂർ പള്ളിയുടെ നടത്തിപ്പ് സൗകര്യാർത്ഥം വെളയനാട് പള്ളിയുടെ വികാരിമാരെയാണ് ഏല്പിച്ചത്. 1989 ജൂലൈ മാസത്തിൽ അന്നത്തെ വെളയനാട് പള്ളി വികാരിയായിരുന്ന ബഹു. ജോസ് കെ. ചിറ്റിലപ്പിള്ളിയച്ചൻ പ്രഥമ വികാരിയായി ചുമതലയേറ്റു. 1989 സെപ്റ്റംബർ 27-ന് അഭിവന്ദ്യ പിതാവ് ഇടവകയുടെ പ്രഖ്യാപനം ഔപചാരികമായി നടത്തി. പള്ളിയുടെ പ്രാരംഭ ഘട്ടത്തിൽ പുത്തൻചിറ ഫൊറോന, വെളയനാട്, കടുപ്പശ്ശേരി എന്നീ ഇടവകകളിൽ നിന്ന് യഥാക്രമം 57, 46, 27 കുടുംബങ്ങളാണ് ഉണ്ടായിരുന്നതെങ്കിലും ഇടവക പ്രഖ്യാപനവേളയിൽ മൊത്തം 173 കുടുംബങ്ങളുണ്ടായിരുന്നു. പള്ളിക്ക് സാമ്പത്തിക വരുമാനമാർഗ്ഗം ഇല്ലാതിരുന്നതിനാൽ കെട്ടുതെങ്ങ് സമ്പ്രദായം വഴി ഫണ്ട് രൂപീകരിച്ചത് ഇക്കാലത്താണ്. അതിനുശേഷം ബഹു. വിൻസെന്റ് ചാലിശ്ശേരിയച്ചൻ വികാരിയായി (1991-92).

## സ്ഥിരവാസമുള്ള വികാരി

ഇടവകയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുവേണ്ടി അഭിവന്ദ്യപിതാവ് 1992 ജൂലൈ 20-ന് സ്ഥിരം വികാരിയെ നിയമിക്കുകയുണ്ടായി. ഇദം പ്രഥമമായി നിയുക്തനായ ബഹു. വർഗ്ഗീസ് പാത്താടൻ അച്ചൻ (1992-94) ഇടവകയുടെ സർവ്വതോമുഖമായ ശ്രേയസ്സിനായി ഉത്സാഹിച്ചു. കോൺവെന്റ് ജംഗ്ഷനിൽ നിത്യസഹായമാതാവിന്റെ കപ്പേള പണിയുന്നതിന് പ്രചോദനം നല്കിയത് ബഹു. പാത്താടനച്ചനാണ്. മഠത്തിന്റെ കപ്ലോൻ വസതിയിലായിരുന്നു ബഹു. വികാരിയച്ചന്റെ താമസം.

## പാരിഷ്ഹാൾ, വൈദികമന്ദിരം

അനന്തരം ബഹു. റാഫേൽ പുത്തൻവീട്ടിലച്ചന്റെ നേതൃത്വത്തിൽ പാരിഷ്ഹാൾ പണിതു. 1996 ജൂലൈ 28-ന് ആയിരുന്നു അതിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും. പിന്നീട് ബഹു. ജോർജ്ജ് പാലമറ്റം അച്ചന്റെ കാലഘട്ടത്തിൽ പള്ളിക്ക് സമീപം പണിത വൈദിക മന്ദിരം അഭിവന്ദ്യപിതാവ് വെഞ്ചിരിച്ചത് 2000 സെപ്തംബറിൽ വി. മത്തായിശ്ലീഹായുടെ തിരുന്നാളിലാണ്. തുടർന്ന് വികാരിയായിവന്ന ബഹു. ജോൺസൺ തറയിൽ അച്ചന്റെ ഉത്സാഹത്താലാണ് പാരിഷ്ഹാളിനുവേണ്ടി ഫർണീച്ചർ സജ്ജീകരിച്ചത്.



വൈദിക മന്ദിരം

## കപ്പേള, ഗ്രോട്ടോ

ബഹു. ഡെൻസൻ നെരേപറമ്പിലച്ചൻ വികാരിയായിരുന്നപ്പോൾ ഒരു വ്യക്തി ഉപകാരസ്മരണയായി സ്പോൺസർ ചെയ്തതനുസരിച്ച് തുമ്പൂർ കോൺവെന്റ് റോഡിനു സമീപം വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ നാമധേയത്തിൽ പണിയിച്ചുതന്ന കപ്പേള 2005 ആഗസ്റ്റ് 15-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിച്ചു. കൂടാതെ, പരി. മാതാവിന്റെ ഗ്രോട്ടോ പണിതതും ഈയവസരത്തിൽ തന്നെയാണ്. 2007 സെപ്തംബർ 7-ന് അഭിവന്ദ്യപിതാവ് അതിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തിയത് പിന്നീട്



പാരിഷ് ഹാൾ



പരി. ലൂർദ്ദ്മാതാവിന്റെ ഗ്രോട്ടോ

വികാരിയായിരിക്കുന്ന ബഹു. വിൽസൻ എലുവത്തിങ്കൽ കൂനൻ അച്ചന്റെ നേതൃത്വത്തിലാണ്. ബഹു. ആന്റോ ജി. ആലപ്പാട്ട് അച്ചനാണ് ഇപ്പോഴത്തെ വികാരി.

## തിരുഹൃദയ മഠം & സ്ക്കൂൾ

തുമ്പൂർ സ്വദേശിയായ തെക്കേക്കര പറോക്കാരൻ കുഞ്ഞുവറീത് എന്ന മാന്യവ്യക്തി ദാനമായി നല്കിയ വിശാലമായ പറമ്പിലാണ് ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ തിരുഹൃദയ മഠം പണിത്, 1926-ൽ സ്ഥാപകയായ വാഴ്ത്തപ്പെട്ട മറിയംത്രേസ്യാമ്മയുടെ സാന്നിധ്യത്തിൽ വെഞ്ചിരിച്ചത്. അതിനോടുചേർന്ന് 1925-ൽ തന്നെ ഒരു എൽ.പി. സ്ക്കൂൾ ആരംഭിച്ച് നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നു. ദീർഘകാലം ഈ മഠം സന്യാസ പരിശീലന ഭവനമായിരുന്നു. അനേകവർഷം ഇവിടെ താമസിച്ച് കപ്ലോനെന്ന നിലയിൽ ആത്മീയ ചൈതന്യം പകർന്ന വ്യക്തിയാണ് യശശ്ശരീരനായ ബഹു. ആന്റണി തരകൻ അച്ചൻ.


സി.എച്ച്.എഫ്. തിരുഹൃദയം മഠം & ദേവാലയം


സെന്റ് സെബാസ്റ്റ്യൻ കപ്പേള


സെന്റ് മാത്യൂസ് കപ്പേള


എസ്.എച്ച്.സി.എൽ.പി. സ്ക്കൂൾ


സെന്റ് മേരീസ് കപ്പേള


വാ. മറിയംത്രേസ്യ കപ്പേള